# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/70/2017 പത്രക്കുറിപ്പ് 2017 മാർച്ച് 31

**പണിമുടക്കുമൂലം പുനക്രമീകരിച്ച പരീക്ഷ**

മോട്ടോർ വാഹന പണിമുടക്കു മൂലം മാറ്റിവച്ച പരീക്ഷകൾ ഏപ്രിൽ ഒന്നാം തീയതി രാവിലെ 9.30 മുതൽ 12.30 വരെയും ഉച്ചയ്ക്കുശേഷം 2.00 മുതൽ 5 വരെയും നടത്തും. പരീക്ഷാ കേന്ദ്രങ്ങളിൽ മാറ്റമില്ല.

**പരീക്ഷാതീയതി**

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിലെ മൂന്ന്, നാല് സെമസ്റ്റർ ബി.എ/ബി.കോം (സി.ബി.സി.എസ്.എസ്-പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 20 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർഫൈനോടെ 26 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർത്ഥികൾ സെമസ്റ്ററിനു 100 രൂപയും ഒരു പേപ്പറിനു 20 രൂപ (പരമാവധി 100) സി.വി ക്യാമ്പ് ഫീസായും അടക്കണം. അപേക്ഷകർ 20 രൂപ അപേക്ഷാ ഫോമിന്റെ വിലായായി നിശ്ചിത പരീക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമേ അടക്കണം. പരീക്ഷാ തീയതി പിന്നീട്.

ഒന്നാം വർഷ ബി. എസ്സി. നഴ്സിങ് (പുതിയ സ്കീം - 2007 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 26 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർഫൈനോടെ 10 വരെയും സ്വീകരിക്കും. അപേക്ഷകർ ഒരു പേപ്പറിനു 20 രൂപ (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം. ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരിക്ഷാഫലം**

2016 ജൂലായിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.വോക് (2014 അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 12 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എസ്സി. ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 16 വരെ സ്വീകരിക്കും.

**റിസർച്ച് സ്റ്റാഫ് ഒഴിവ്**

എം.ജി സർവ്വകലാശാലാ അഡ്വാൻസ്ഡ് മോളിക്യൂലാർ മെറ്റീരിയൽസ് റിസർച്ച് സെന്ററിൽ കരാറടിസ്ഥാനത്തിൽ ഒരു ഒഴിവിലേക്ക് (ഈഴവ സംവരണം) റിസർച്ച് സ്റ്റാഫിനെ ആവശ്യമുണ്ട്. പ്രതിമാസ വേതനം 25,000/-, യോഗ്യത കെമിസ്ട്രി പി.എച്ച്.ഡി ബിരുദം. ഇനോർഗാനിക്/മെറ്റീരിയൽ കെമിസ്ട്രിയിൽ പോസ്റ്റ് ഡോക്ടറൽ പ്രവൃത്തി പരിചയം അഭിലഷണീയം. പ്രായപരിധി 01/01/2017 ൽ 43 വയസ്സ്. താല്പര്യമുള്ളവർ അപേക്ഷ, ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ കോപ്പി എന്നിവ സഹിതം ഡയറക്ടർ, എ.എം.എം.ആർ.സി, കെമിക്കൽ സയൻസ് ബിൽഡിംഗ്, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം - 686560 എന്ന വിലാസത്തിൽ ഏപ്രിൽ 12 നു മുൻപായി അപേക്ഷിക്കുക. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ. കൂടുതൽ വിവരങ്ങൾക്ക് ഇ മെയിൽ ammrcmgu@gmail.com ഫോൺ : 9567544740.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**